യോഹ. 20:19-29

**2023 ഏപ്രിൽ 16**

# വചനസന്ദേശം

**ഫാ. അരുൺ വലിയവീട്ടിൽ**

## തോമസിന്റെ സംശയം

ക്രിട്ടിക്കൽ സ്റ്റേജിൽ ആയ ഒൻപത് വയസ്സായ മകൻ ഒട്ടും ഉറങ്ങുന്നില്ല. ഡോക്ടർ ഉറക്ക ഗുളികകൾ കൊടുത്തിട്ടും രക്ഷയില്ല. അച്ഛൻ രാമൻകുട്ടി മകന്റെ അസ്വസ്ഥതയെ ചില്ലുവാതിലിലൂടെ കാണുന്നുണ്ട്. പക്ഷേ ഐസൊ ലേഷൻ വാർഡിൽ ആയതിനാൽ മകന്റെ അടുത്തു പോകാൻ രാമൻകുട്ടിക്ക് പറ്റുന്നില്ല. ഡോക്ടറോട് അച്ഛൻ ചോദിച്ചു, 'അവന് ദീനം വന്ന കാലം തൊട്ട് രാത്രിയിൽ ഞാനവനെ ഈ നെഞ്ചോടു ചേർത്തുവച്ചാണ് ഉറക്കുന്നത്. ഡോ ക്ടറിന്റെ എന്തു മരുന്ന് കൊടുത്താലും ഉറങ്ങാൻ സാധ്യതയില്ല. ഞാൻ അവ നെ എന്റെ തോളത്തിട്ട് കൊട്ടികൊട്ടി ഉറക്കിക്കോട്ടേ?' ഡോക്ടർ അജയൻ, രാമൻകുട്ടിയെ അതിനനുവദിച്ചില്ല. കാരണം ഐസൊലേഷൻ വാർഡായ തിനാൽ അത് കുട്ടിക്കും മറ്റ് രോഗികൾക്കും ബുദ്ധിമുട്ടാകും. അകത്ത് പ്രവേ ശിക്കാൻ പാടില്ല എന്ന് പറഞ്ഞപ്പോൾ രാമൻകുട്ടി വീണ്ടും കെഞ്ചി ഡോക്ട റോട് പറഞ്ഞു, 'എങ്കിൽ പിന്നെ അവന്റെ ബെഡ് ഇട്ടിരിക്കുന്ന ഭിത്തിയുടെ മറുവശത്ത് അച്ഛൻ നെഞ്ചടിപ്പിച്ചു പിടിച്ച് നിൽക്കുന്നുണ്ടെന്ന് അവനോട് ഒന്നു പറയാമോ?... അവൻ ശാന്തമായി കിടന്നുറങ്ങി കൊള്ളും.' രാമൻകുട്ടി പറഞ്ഞ കാര്യം കുട്ടിയെ അറിയിച്ച് ഡോക്ടർ രാത്രി വീട്ടിൽ പോയി.

അതിരാവിലെ ഡോക്ടർ ഐസലേഷൻ വാർഡിലേക്ക് വരുമ്പോൾ കുട്ടി ഉറങ്ങുകയാണ്. ഭിത്തിയുടെ മറുഭാഗത്ത് അച്ഛൻ മകനുറങ്ങുന്നുണ്ട് എന്ന വിശ്വാസത്തോടെ നെഞ്ചമർത്തി നിൽക്കുന്നുണ്ട്. അതുകണ്ടപ്പോൾ ഡോക്ടർ വിസ്മയിച്ചു. ഇത്തരമൊരു ആത്മബന്ധത്തിന്റെ ഈറനണിയിക്കുന്ന വൈകാരിക രംഗമാണ് ഇന്നത്തെ സുവിശേഷം. സംശയിച്ച് ഈശോയെ കാണണമെന്ന് ശഠിച്ച് നിൽക്കുന്ന തോമാസിന്റെ മുൻപിൽ ഈശോ വീണ്ടും പ്രത്യക്ഷനായി അവന്റെ വിശ്വാസത്തെ ദൃഢപ്പെടുത്തുന്നു. തന്റെ എല്ലാമെല്ലാ മായ ക്രിസ്തുവിനെ കാണണമെന്ന് ആഗ്രഹിച്ചത് അവനോടുള്ള സ്നേഹത്തെ പ്രതിയാണ്. അവിടുന്നാണ് പൂർണ്ണമായ സമാധാനം എന്ന് തോമാസിന് ഉറപ്പായിരുന്നു.

നാലു ചോദ്യങ്ങൾ (Perennial Questions) ഈ സുവിശേഷ ഭാഗവുമായി ബന്ധപ്പെടുത്തി ചോദിക്കേണ്ടതുണ്ട്.

ഒന്നാമത്തെ ചോദ്യം: എന്തുകൊണ്ട് ഉത്ഥിതനായ ക്രിസ്തുവിന്റെ ആദ്യ വരവിൽ തോമസിന്റെ അസാന്നിദ്ധ്യം ഉണ്ടായി?

ശിഷ്യൻമാർക്ക് ഭക്ഷണം വാങ്ങിക്കാൻ പോയെന്നും, മറ്റു ശിഷ്യന്മാരെ പോലെ പേടിയില്ലാത്തതുകൊണ്ട് ഇറങ്ങി കാര്യങ്ങൾ അന്വേഷിക്കാൻ പോയ താണെന്നും, മുറിയിൽ പേടിച്ചിരിക്കേണ്ട ആവശ്യം തനിക്കില്ല... താൻ ദൈവ ത്തെ സധൈര്യം പ്രഘോഷിക്കുന്ന ധൈര്യശാലിയാണ് എന്നൊക്കെ നിരീക്ഷ ണങ്ങൾ കാണുന്നുണ്ട്. ഫുൾട്ടൻ ജെ ഷീൻ തന്റെ പ്രഭാഷണ മദ്ധ്യേ അടിവര യിട്ട് പറയുന്നത്, 'ആദ്യ വരവിൽ തോമസിന്റെ അസാന്നിദ്ധ്യം ആകസ്മിക മായിരുന്നില്ല. മറിച്ച് അത് ദൈവികപരിപാലനയാൽ ഉദ്ദേശിച്ചുള്ളതാണ്.''

വിശുദ്ധ ഗ്രിഗറി ദ ഗ്രേറ്റിന്റെ വീക്ഷണം ഇതിനനുക്രമമായി വായിക്കാ വുന്നതാണ്. 'തിരഞ്ഞെടുക്കപ്പെട്ട ആ ശിഷ്യനെ കാണാതായത് തികച്ചും ആക സ്മികമാണെന്നു കരുതുന്നില്ല. മടങ്ങിയെത്തിയപ്പോൾ ആ രൂപത്തെക്കുറിച്ച് പറയുകയും അതിനെക്കുറിച്ച് കേട്ടപ്പോൾ സംശയിക്കുകയും ചെയ്തു; അവൻ തൊടുകയും സ്പർശിച്ചു വിശ്വസിക്കുകയും ചെയ്യട്ടെ എന്നു സംശയിക്കുന്നു വോ? അതൊരു ആകസ്മികമായി നടന്ന കാര്യമല്ല; അത് സംഭവിക്കാൻ ദൈവം ക്രമീകരിച്ചു. സംശയിക്കുന്ന ശിഷ്യൻ തന്റെ ഗുരുവിന്റെ ശരീരത്തിലെ മുറിവുകളിൽ സ്പർശിച്ചാൽ നമ്മുടെ തന്നെ അവിശ്വസനീയമായ മുറിവുകൾ ഉണങ്ങാൻ വേണ്ടിയാണ് ക്രിസ്തുവിന്റെ ദയ ഈ അത്ഭുതകരമായ രീതിയിൽ പ്രവർത്തിച്ചത്.''

രണ്ടാമത്തെ ചോദ്യം: എന്തിനാണ് തോമസ് സംശയിക്കുന്നത്?

തോമായുടെ സംശയം അറിവിലേക്ക് നയിക്കുന്നതായിരുന്നു. അറിവും സംശയവും ഇരട്ട പിറന്ന മക്കളാണെന്ന മാർട്ടിൻ ലൂഥർ പറയുന്ന ചൊല്ല് ഇവിടെ സാർത്ഥകമാകുന്നു. സംശയം ഒരു മനുഷ്യന്റെ ആന്തരികതയിൽ ഒരു പാട് ചോദ്യങ്ങൾ ഉണർത്തുന്നു; ആ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്ന

തോടെ അവൻ ആഴമായ വിശ്വാസത്തിലേക്കും ബോധ്യത്തിലേക്കും ആനയി ക്കപ്പെടുന്നു. വിശ്വാസത്തെയും ബോധ്യങ്ങളെയും വളർത്തുന്നതായിരിക്കണം സംശയം. ബൈബിളിൽ രണ്ടു തരത്തിലുള്ള സംശയങ്ങൾ കാണാം: സത്യസ ന്ധമായ സംശയവും (Honest doubt) പാപകരമായ സംശയവും (sinful doubt).

സത്യസന്ധമായ സംശയം വാസ്തവത്തിൽ പര്യവേക്ഷണത്തിലേക്കും സത്യാന്വേഷണത്തിലേക്കും നയിക്കുന്നു. അത് സത്യം കണ്ടെത്തുന്നതിന് അവശ്യമായ ഒരു ചുവടുവെയ്പ്പാണ്. ഉദാഹരണമായി വിശ്വാസത്തിന്റെ പിതാ വായ അബ്രാഹത്തിന് പുത്രലബ്ധിയെ കുറിച്ചുള്ള സന്ദേഹം (ഉൽപ. 17:15–21, 18:10–14), വിശ്വാസികൾക്ക് മാതാവായ മറിയത്തിന് പോലും ദൂതവചനത്തിൽ സന്ദേഹം ഉണ്ടായത് (ലൂക്കാ 1:35–37), സക്കറിയയുടെ സംശയം അവനെ മൗനിയാക്കിയത് (ലൂക്കാ 1:18–20), വഴിയൊരുക്കാൻ വന്ന സ്നാപക യോഹ ന്നാന് പോലും സന്ദേഹം തോന്നുന്ന നിമിഷങ്ങളുണ്ട് (മത്താ 11:17). സത്യ സന്ധമായ സംശയങ്ങൾ പാപകരമല്ലാത്ത സംശയങ്ങൾ ആയിട്ടാണ് ബൈ ബിളിൽ കാണപ്പെടുക. 'വിശ്വാസപൂർണ്ണതയിലേക്കുള്ള യാത്രയിലെ മാനുഷിക ബുദ്ധിയുടെ ഇടപെടലാണ് സംശയമായി രൂപാന്തരപ്പെടുന്നത്. ബുദ്ധിയുടെ മുൻകരുതൽ ആണ് സംശയം... തോമാശ്ലീഹായുടെ സംശയം സത്യത്തോടുള്ള തുറവി ഉള്ളതായിരുന്നു... തോമസിന്റെ സംശയം രക്ഷാകരവും ഭാവാത്മകവു മായ സംശയത്തിന്റെ മകുടോദാഹരണവുമാണ്.' (ഡോ. ജോസഫ് പാംപ്ലാനി, അഗ്നിപീഠം, 346–47). പാപകരമായ സംശയത്തിന് ഉദാഹരണങ്ങളും ബൈബിളിൽ ഉണ്ട്. മോശയുടെ വാക്കുകൾ നിരന്തരം സംശയിക്കുന്ന ഫറവോ, ദൈവപരിപാലനയെ സംശയിക്കുന്ന ലോത്തിന്റെ ഭാര്യ, ഈശോയുടെ ഹൃദയ നൈർമല്യത്തെ സംശയിക്കുന്ന പീലാത്തോസ് വരെ പാപകരമായ സംശയം നയിക്കുന്നവരാണ്. സത്യത്തിന് നേരെ കണ്ണടക്കുന്നത് പാപകരമാണ്. സ്വന്തം അറിവിൽ അഭിരമിക്കുന്ന ഇവർ തങ്ങളുടെ ബുദ്ധിയുടെ പരിമിതിക്ക് വെളിയി ലുള്ളതിനെയെല്ലാം നിഷേധിക്കുന്നു.

മൂന്നാമത്തെ ചോദ്യം: എന്തുകൊണ്ടാണ് വാത്സല്യപൂർവ്വമായ ശാഠ്യം തോമാശ്ലീഹാ അവലംബിച്ചത്?

കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ തോമസിന്റെ സംശയം സ്നേഹ പൂർവ്വമായ ഒരു ശാഠ്യത്തിലേക്ക് വഴിമാറുന്നു. കാരണം വളരെ ലളിതമായി പറഞ്ഞാൽ, ഒരു മനുഷ്യൻ ഷൂസിട്ട് കല്ലിന്റെ മുകളിൽ നടന്നാൽ അവന് വേദനയുണ്ടാകില്ല. പക്ഷേ കല്ല് ഷൂസിനുള്ളിൽ ആണെങ്കിൽ കാലുകൾക്ക് അസഹ്യമായ വേദന ഉണ്ടാക്കുന്നു. കല്ലെടുത്ത് കളയുമ്പോൾ ആശ്വാസം ലഭിക്കുന്നു. സ്നേഹശാഠ്യത്തിന്റെ രഹസ്യവുമതുതന്നെയാണ്. ഒരിക്കൽ ഒരു ബാലൻ തന്റെ സംഗീതത്തിന്റെ അരങ്ങേറ്റം നടത്തുന്നു. സ്റ്റേജിൽ ഇരുന്നു കൊണ്ട് അവൻ നന്നായി കീർത്തനം ആലപിക്കുന്നുണ്ട്. ഓരോ കീർത്തനങ്ങൾ കഴിയുംതോറും സദസ്സ് കൈകൊട്ടി അവനെ പ്രോത്സാഹിപ്പിക്കുന്നു. പക്ഷേ ഓരോ കീർത്തനങ്ങൾ കഴിയുമ്പോഴും അവന്റെ കണ്ണിൽ നിന്ന് കണ്ണുനീർ കണങ്ങൾ ഒഴുകിക്കൊണ്ടിരിക്കുകയാണ്. അവസാന കീർത്തനം പാടിക്കഴിയു മ്പോൾ എല്ലാവരും എഴുന്നേറ്റുനിന്ന് ദീർഘമായി അവനെ കൈയ്യടിച്ചുകൊണ്ട് പ്രോത്സാഹിപ്പിക്കുകയാണ്. പക്ഷേ ആ ബാലൻ മാത്രം പൊട്ടിക്കരയുന്നു. സ്റ്റേജിൽ നിന്ന് ഇറങ്ങിയപ്പോൾ അവന്റെ സുഹൃത്തുക്കൾ ചോദിച്ചു എന്തി നാണ് നീ കരയുന്നത്? അവൻ പറഞ്ഞു എല്ലാവരും എന്നെ പ്രശംസിച്ചുകൊണ്ട് കരഘോഷം മുഴക്കിയെങ്കിലും എന്നെ പഠിപ്പിച്ച മാസ്റ്ററിന്റെ മുഖത്തേക്ക് ഞാൻ നോക്കി. അദ്ദേഹം ഹോളിന്റെ ഏറ്റവും മൂലയ്ക്കൽ ഇരിപ്പുണ്ടായിരുന്നു. ഓരോ കീർത്തനം കഴിയുംതോറും എന്റെ പേരിൽ അഭിമാനിച്ചുകൊണ്ട് മാസ്റ്റർ കരയു ന്നത് കണ്ടു. മാസ്റ്റർ പഠിപ്പിച്ച കീർത്തനങ്ങൾ കൃത്യമായി ഞാൻ ചെയ്യുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞപ്പോൾ എനിക്കും കരച്ചിൽ വന്നു. ഇതുപോലെതന്നെയാണ് ഉത്ഥിതനായ ക്രിസ്തുവിനെ യഥാർത്ഥത്തിൽ കാണാൻ തോമസ് ആഗ്രഹി ച്ചതും. ദൈവശാസ്ത്രജ്ഞനായ ഫ്രാങ്ക് ഷീഡ് തന്റെ പുസ്തകമായ 'To Know Christ Jesus' ൽ പറയുന്നത്, 'ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ച് മറ്റുള്ളവർ പറഞ്ഞ കഥ ഈ ശക്തനായ വ്യക്തിക്ക് മതിപ്പുളവാക്കിയില്ല. ഉത്ഥിതനായ ക്രിസ്തുവിനെ അവന് സ്വയം കാണേണ്ടതായിരുന്നു.' ഫ്രാൻ സിസ് പാപ്പയുടെ വാക്കുകളിൽ, 'യഥാർത്ഥത്തിൽ തോമസിന്റെ സ്നേഹശാഠ്യം അവനെ ഒരു വിശ്വാസ പ്രതിസന്ധിയിലേക്ക് (crisis) എത്തിക്കുന്നുണ്ട്. ആ പ്രതിസന്ധി അവന്റെ അപൂർണതയെക്കുറിച്ച് (imperfection) ചിന്തിക്കാൻ അവനെ പ്രേരിപ്പിക്കുന്നു. ഇത്തരമൊരു എളിയ വിശ്വാസം അഹങ്കാരവും ധാർഷ്ട്യവും നിറഞ്ഞ വിശ്വാസസങ്കല്പങ്ങൾക്ക് എതിരാണ്.'

നാലാമത്തെ ചോദ്യം: എന്തുകൊണ്ടാണ് യേശു അവനോടു പറഞ്ഞത് 'നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ' (യോഹ. 20:29).

തോമാശ്ലീഹായോട് ഉത്ഥിതനായ ക്രിസ്തുവിനെ കുറിച്ച് പറയാൻ അവനെ നേരിട്ട് കണ്ട ശിഷ്യന്മാർ ഉണ്ടായിരുന്നു. പക്ഷേ കാലങ്ങൾ കഴിയു മ്പോൾ ക്രിസ്തുവിനെ നേരിട്ടു കണ്ട ശിഷ്യന്മാർ ഇല്ലാതാകുമ്പോൾ അവനെ ക്കുറിച്ചുള്ള കേൾവി രക്ഷാകരമായിരിക്കണം. ക്രിസ്തുവിനെ നേരിട്ട് കണ്ടവർ ഇല്ലാതായാലും രക്ഷയുടെ ദൗത്യം തുടരേണ്ടതുണ്ട്. കേൾവിയിലൂടെ അറിയു ന്നവർ രക്ഷപ്രാപിക്കണം. അതുകൊണ്ടായിരിക്കണം പൗലോസ് ശ്ലീഹ പറയു ന്നത്, 'ആകയാൽ വിശ്വാസം കേൾവിയിൽ നിന്നും കേൾവി ക്രിസ്തുവിനെ പ്പറ്റിയുള്ള പ്രസംഗത്തിൽനിന്നുമാണ്.' (റോമാ 10:17). F